**പതിനാലാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 899 — 30.11.2018 ന് മറുപടിയ്ക്ക്.

**കണ്ണൂർ ജില്ലയിലെ വന്യജീവി ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പ്മന്ത്രി) |

(എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഉണ്ടായ നാശനഷ്ടങ്ങൾ എത്ര; അവയ്ക്ക് നൽകിയ നഷ്ടപരിഹാരം എത്ര;

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി വന്യജീവി ആക്രമണത്തിൽ താഴെ പറയുന്ന പ്രകാരം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | നഷ്ടപരിഹാരം നല്കിയ തുക |
|---|---|---|---|
| 1 | വിളനാശം | 940 | 63,13,229/- |
| 2 | പരിക്ക് | 527 | 1,27,33,783/- |
| 3 | മരണം | 14 | 33,07,500/- |
| 4 | വളർത്തുമൃഗ നാശം. | 24 | 5,46,140/- |
| 5 | വസ്തു നാശം | 37 | 1,95,321/- |
| | **ആകെ** | **1542** | **2,30,95,973/-** |

(ബി) വന്യജീവി ആക്രമണം തടയുന്നതിനുള്ള പരിഹാര നടപടികൾ എന്തെല്ലാം; ഇത് സംബന്ധിച്ച ശാശ്വത പരിഹാരങ്ങൾ സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ?

(ബി) വന്യജീവി ആക്രമണം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1 കൊട്ടിയൂർ റെഞ്ചിൽ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 9.25 കി.മീ. ദൂരം ആന പ്രതിരോധ മതിൽ നിർമ്മിക്കുകയും ആയതിന് തുടർച്ചയായി കരിയംകാപ്പ് മുതൽ രാമച്ചി വരെ 2.13 കി.മീ. ആനമതിൽ നിർമ്മിക്കുവാൻ തീരുമാനിച്ചതിൽ 880 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ, 4.50 കി.മീ. എലിഫന്റ് പ്രൂഫ് ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്.

2 നിലവിൽ വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള 120 കി.മീ. സോളാർ പവർ ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കുന്നതിന് ലൈൻമാൻമാരെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കുകയും പ്രവർത്തനക്ഷമമല്ലാത്ത 33 കി.മീ. നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കൊട്ടിയൂർ, തളിപ്പറമ്പ് റെയിഞ്ചുകളിലായി വന്യജീവി ആക്രമണം രൂക്ഷമായ വിവിധ പ്രദേശങ്ങളിൽ പുതിയതായി 34.5 കി.മീ ദൂരം സോളാർ പവർ ഫെൻസിംഗ് ചെയ്യുന്നതിനും തളിപ്പറമ്പ് റെയിഞ്ചിൽ 9 കി.മീ. ദൂരം നിലവിലുള്ള സോളാർ ഫെൻസിംഗ്

മെയിന്റനൻസ് ചെയ്യുന്നതിനും നടപടി പൂർത്തിയാക്കി വരുന്നുണ്ട്.

3. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഭൂമി വിട്ടുനൽകുവാൻ സന്നദ്ധത അറിയിച്ച 127 സ്വകാര്യ കൈവശങ്ങളിലുള്ള 72 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4. ഇരിട്ടി കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി യൂണിറ്റിന്റെ പ്രവർത്തന കേന്ദ്രം കാട്ടാനശല്യം രൂക്ഷമായ ആറളം ഫാം മേഖലയിലെ ഓടൻതോട് ഔട്ട്പോസ്റ്റിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

അടുത്ത കാലത്തായി വന്യജീവി ആക്രമണം കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വർദ്ധിച്ചു വരുന്നതായി കാണുന്നു. ഇത് ഒരു വളരെ സങ്കീർണ്ണമായ പ്രശ്നമായതിനാൽ സമ്പൂർണ്ണമായ പരിഹാരം കണ്ടെത്തുക അസാദ്ധ്യമാണ്. ഇതിനായി വനത്തിനടുത്തുനിന്നും ആളുകളെ മാറ്റി പാർപ്പിക്കുന്നതുൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ